LIBRARY ARCHIVES Kerala Legislative Assembly

കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക്

*12 [428] ശ്രീ. എം. വി. ജയരാജൻ:

" കോടിയേരി ബാലകൃഷ്ണൻ:

" പിരപ്പൻകോട് മുരളി:

" ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്കെന്താണെന്ന് അറിയിക്കാമോ;

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇറക്കുമതി നയം നമ്മുടെ ഏതെല്ലാം കാർഷികോൽപ്പന്നങ്ങളെയാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളത്;

(ഡി) കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിയെ തുടർന്ന് വിലത്തകർച്ച നേരിടുന്ന കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി പ്രത്യേക പാക്കേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഇതനുസരിച്ച് കർഷകർക്ക് എന്തു തുകയുടെ ആശ്വാസ നടപടിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; സർക്കാർ പ്രഖ്യാപിച്ച പാക്കേജ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സുഗന്ധ വ്യഞ്ജനങ്ങളായ കുരുമുളക്, ഏലം എന്നിവയും റബ്ബർ, തേയില, കാപ്പി, നാളികേരം എന്നീ ഉൽപ്പന്നങ്ങളും പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നീ കാർഷിക ഉൽപ്പന്നങ്ങളും വൻതോതിൽ കയറ്റുമതി ചെയ്തുവരുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ് കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്ന പ്രധാന ഉൽപ്പന്നങ്ങൾ. കയറ്റുമതിയിലൂടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടെ നടപ്പിലാക്കിവരുന്ന കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും പ്രധാനമായും ഗൾഫ് രാജ്യങ്ങളിലേക്ക് വിമാന മാർഗ്ഗം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് കയറ്റി അയയ്ക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതി നയത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കാർഷിക കയറ്റുമതി മേഖലാ പദ്ധതി കേരളത്തിൽ വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നീ വിളകൾ ഉൾപ്പെടുത്തി പ്രവർത്തിച്ചു വരുന്നു. കയറ്റുമതിക്കാവശ്യമായ ഗുണനിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് അവയുടെ സംസ്ക്കരണം, പാക്കിംഗ്, വിപണനം എന്നിവ ഉൾപ്പെടുത്തി സമഗ്രമായ ഒരു സമീപനമാണ് കാർഷിക കയറ്റുമതി പദ്ധതിയിൽ സ്വീകരിക്കുന്നത്. ഇതിനായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

(1) കയറ്റുമതിക്കായുള്ള വിസ്തൃതി വ്യാപനം

(2) വാണിജ്യ അടിസ്ഥാന ഫാമുകൾ

(3) ജില്ലാതല നഴ്സറികൾ

(4) സംയോജിത കീടനിയന്ത്രണം

(5) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

(6) മണ്ണ്-ഇല-ജല പരിശോധന ശാല

(7) ബൾക്കിംഗ് സെന്ററുകൾ

(8) പായ്ക്ക് ഹൗസുകൾ

(9) റീഫർ ട്രക്കുകൾ

(10) വേഫർ നിർമ്മാണ യൂണിറ്റ്

(11) ട്രയൽ കൺസയിന്റ്മെന്റ്

(12) ഗവേഷണ പ്രവർത്തനങ്ങൾ.

ഇതിനുപുറമെ ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പൂക്കൾ എന്നിവയ്ക്കായി മൂന്ന് കയറ്റുമതി മേഖലകൾ കൂടി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റബ്ബർ, നാളികേരം, നാളികേര ഉൽപ്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ (പ്രധാനമായും കുരുമുളക്, ഏലം) എന്നീ വിളകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ഡി—എഫ്) കേരളത്തിലെ കർഷകരെ സാമ്പത്തിക തകർച്ചയിൽനിന്നും രക്ഷിക്കുവാനായി 2002 ഫെബ്രുവരിയിൽ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും നാളിതുവരെയായി 416737 കോടി രൂപ വിവിധ വിളകൾക്കായി ചെലവാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നാളിതുവരെ ഓരോ ഇനത്തിലും ചെലവാക്കിയ തുക താഴെ ചേർക്കുന്നു:

(1) റബ്ബർ സംഭരണം	. .	7.21166 കോടി
(2) കൊപ്ര ഡ്രയർ സ്ഥാപിക്കൽ	. .	2.626 കോടി
(3) അടയ്ക്ക സംഭരണം	. .	9.5 കോടി
(4) കുരുമുളക്	. .	3.5195 കോടി
(5) നെൽകൃഷിക്കുള്ള പ്രൊഡക്ഷൻ ബോണസ്	. .	8.00 കോടി
(6) നെല്ല് സംഭരണം	. .	9.00 കോടി
(7) കാപ്പി	. .	1.8166 കോടി

ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കഞ്ചാവു കൃഷി

*13 [429] ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ എ. കെ. ബാലൻ:

„ രാജു എബ്രഹാം:

„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അന്വേഷണത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കഞ്ചാവുകൃഷി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ആന്റി കഞ്ചാ സ്പെഷ്യൽ സ്കാഡ് പ്രവർത്തിക്കുന്നുണ്ടോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) വനം വകുപ്പിന്റെ അന്വേഷണത്തിൽ അടുത്തകാലത്തായി റാന്നി, മാങ്കുളം, മൂന്നാർ, മലയാറ്റൂർ, മണ്ണാർക്കാട് ഡിവിഷനുകളിലാണ് കഞ്ചാവുകൃഷി ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly